സ്വീകരിച്ചുവരുന്നു. തൃശ്ശൂരിൽ ലാബ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ടയിൽ ലാബ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭിച്ചിട്ടുണ്ട്. കോഴിക്കോട് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ലാബുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

ഗ്രാമീണ മേഖലയിൽ വിനോദസഞ്ചാര പദ്ധതികൾ

17 (*227) ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഗ്രാമീണ മേഖലയുടെ സാധ്യതകൾ മുതൽക്കൂട്ടാൻ വിനോദസഞ്ചാര വകുപ്പ് പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ബി) ഇതിനായി ഗ്രാമീണ മേഖലയിൽ വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഓരോ ജില്ലയിലും ഒരു ഗ്രാമം വീതമെങ്കിലും തനിമ നഷ്ടപ്പെടാത്തവിധം, പുരാതന ശേഷിപ്പുകളും ജീവിതരീതികളും പരമാവധി നിലനിർത്തി സ്ഥിരം വിനോദ സഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. ടൂറിസം വകുപ്പ് നടപ്പാക്കിവരുന്ന ടൂറിസം വികസന പദ്ധതികളിൽ നല്ലൊരു പങ്ക് ഗ്രാമീണ മേഖലയുടെ സാധ്യതകൾ കേന്ദ്രീകരിച്ചുള്ളതാണ്. ഉത്തരവാദിത്ത ടൂറിസം പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കുന്ന 'മൈ വില്ലേജ് എ ടൂറിസം ഫ്രണ്ട്ലി വില്ലേജ്' എന്നീ പദ്ധതികൾ ഗ്രാമീണ മേഖലയുടെ സാധ്യതകൾ മുതൽക്കൂട്ടാൻ ഉദ്ദേശിച്ചുള്ളതാണ്. ഇതുകൂടാതെ മിഷൻ 676-ന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന God's Own

LIBRARY ARCHIVES Kerala Legislative Assembly

Country People's Own Tourism എന്ന പദ്ധതി 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമീണ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശവാസികളുടെയും സഹകരണത്തോടെ വിവിധ ടൂറിസം പരിപാടികൾ വികസിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്.

(ബി) ടൂറിസം വകുപ്പ് നടപ്പാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഗ്രാമീണ മേഖലയും ഉൾപ്പെടുന്നുണ്ട്.

(സി) ഉത്തരവാദിത്ത ടൂറിസം, മിഷൻ 676-ൽ ഉൾപ്പെട്ടിട്ടുള്ള God's Own Country People's Own Tourism തുടങ്ങിയ പദ്ധതികളുടെ ലക്ഷ്യംതന്നെ തനിമ നഷ്ടപ്പെടാത്തവിധം പുരാതന ശേഷിപ്പുകളും ജീവിത രീതികളും പരമാവധി നിലനിർത്തി ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുക എന്നതാണ്.

പച്ചക്കറികളിലും പഴങ്ങളിലും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ

18 (*228) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ശിവൻകുട്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന സംസ്ഥാനത്തിനു പുറത്തു നിന്നു ഇറക്കുമതി ചെയ്യുന്നതും അല്ലാത്തതുമായ പച്ചക്കറികളിലും പഴങ്ങളിലും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് പൂർണ്ണമായും തടയാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് സാധിക്കാത്തതിന്റെ കാരണങ്ങൾ അറിയിക്കാമോ ;

(ബി) ഇവയിലെ വിഷാംശം പരിശോധിക്കാനുള്ള സംവിധാനമില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(സി) രാസവസ്തുക്കൾ ചേർന്ന പഴം-പച്ചക്കറി വിറ്റതിനു മൊത്തവിതരണക്കാർക്കെതിരെയും ചില്ലറ വില്പനക്കാർക്കെതിരെയും സ്വീകരിച്ച നടപടികൾ അറിയിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

LIBRARY ARCHIVES Kerala Legislative Assembly